# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ്</u>

2819

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9,10 സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതുവഴി വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

2820 ശ്രീ. എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പഠിക്കുന്ന എസ്.സി, എസ്.ടി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ എസ്.സി, എസ്.ടി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് ബഹു.കേരളാ ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിധി നടപ്പിലാക്കാൻ സർക്കാർ തയ്യാറാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ</u>

2821

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ 2012-13 കാലയളവിൽ എങ്ങനെയാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഇവർ സമർപ്പിച്ച അപേക്ഷകൾ ജില്ലാ പട്ടികജാതി ഓഫീസർ നിരസിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് ട്യൂഷൻ ഫീസും മറ്റ് ആനുകൂല്യങ്ങളും നൽകണ്ടതില്ല എന്ന് സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

2822 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാർമസി കോഴ്സുകൾ നടത്തുന്ന സ്വാശ്രയ കോളേജുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അടക്കമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പല സ്വാശ്രയ കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

2823

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംകങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി ഗ്രാമങ്ങൾ</u>

2824 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജതാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പത് കുടുംബങ്ങൾ എങ്കിലും ഇല്ലാതെ പട്ടികജാതി ഗ്രാമങ്ങൾ രൂപീകരിക്കാനും അതു സംബന്ധിച്ച ആനുകൂല്യങ്ങൾ നൽകാനും കഴിയില്ല എന്ന നിലപാട് പുനഃപരിശോധിക്കുമോ; പട്ടികജാതിക്കാർക്ക് വീട്, സ്ഥലം എന്നിവ നൽകുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) അമ്പത് പട്ടികജാതി കുടുംബങ്ങളെ ഉൾപ്പെടുത്തി പട്ടികജാതി ഗ്രാമങ്ങൾ രൂപീകരിക്കുന്ന പദ്ധതിക്കുള്ള സാമ്പത്തിക സഹായം നൽകുന്നത് സംസ്ഥാനമോ, അതോ കേന്ദ്ര ഗവൺമെന്റാണോ; എന്ന് അറിയിക്കുമോ; കേരളത്തിലെ പല പ്രദേശങ്ങളിലും പട്ടികജാതിക്കാർക്ക് ഭൂമി ലഭിക്കുന്നതിനുള്ള സൗകര്യവും ഈ പദ്ധതിയുടെ നടത്തിപ്പിന് നിലവിലുള്ള സാഹചര്യങ്ങളും പരിഗണിച്ച് പദ്ധതി ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകൾ</u>

2825 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റവന്യൂ വകുപ്പിന്റെ, പെരിന്തൽമണ്ണ താലൂക്കിൽ കിഴാറ്റൂർ വില്ലേജിൽ എടയാറ്റൂരിൽ സർവ്വേ നമ്പർ 65/1A1 പെടുന്ന 7.3 ഏക്കർ ഭൂമി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ലഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കാൻസറും, വൃക്കരോഗങ്ങളും ബാധിച്ച നിർദ്ധനരായ പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ സൗകര്യം</u>

2826 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ, വൃക്ക രോഗങ്ങൾ എന്നിവ ബാധിച്ച് ചികിത്സയിൽ കഴിയുന്ന നിർദ്ധനരായ പട്ടികജാതി വിഭാഗക്കാരെ കണ്ടെത്തി ചികിത്സാ സൗകര്യം നൽകാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം രോഗം ബാധിച്ച് അവശത അനുഭവിക്കുന്നവരുടെ മുഴുവൻ ചികിത്സാച്ചെലവും വഹിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>പ്രത്യേക ഘടക പദ്ധതിപ്രകാരമുള്ള കോർപ്പസ് ഫണ്ട്</u>

2827 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ഘടക പദ്ധതിപ്രകാരമുള്ള കോർപ്പസ് ഫണ്ടിനായി 2011-12, 2012-13 വർഷങ്ങളിൽ എത്ര തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നുവെന്നും അതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) 2011-12-ൽ അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുകവീതം അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ഇവയുടെ ഇംപ്ലിമെന്റിംഗ് ഏജൻസികൾ ഏതെല്ലാം;

(ഡി) നടപ്പുവർഷം 31.03.2013 വരെ അംഗീകാരം നൽകിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും എത്ര; ഇംപ്ലിമെന്റിംഗ് ഏജൻസികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>പൂൾഡ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാൻ നാളിതുവരെ ലഭിച്ച പ്രൊപ്പോസലുകൾ</u>

2828 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനത്തിനായി പൂൾഡ് ഫണ്ട് ഇനത്തിൽ നടപ്പുവർഷത്തിൽ 31.01.2013 വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും പരിഗണനയ്ക്കായി പൂൾഡ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാൻ 2012-13-ൽ നാളിതുവരെ ലഭിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി; ഓരോന്നിനും എത്ര രൂപാ വീതം അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>പൂൾസ്ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ</u>

2829 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂൾസ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്കായി ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പ്രോജക്ടുകൾ സമർപ്പിച്ചതെന്നും പ്രോജക്ടുകൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി നേടുന്നവർക്കെതിരെ നടപടി</u>

2830 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കി ജോലി നേടി എന്ന ആരോപണത്തിന് വിധേയരായ എത്ര പേർ നിലവിൽ സർവ്വീസിൽ തുടരുന്നുണ്ട്;

(ബി) ആരോപണ വിധേയരായ എത്ര വ്യക്തികൾ എല്ലാ പ്രൊമോഷൻ ആനുകൂല്യങ്ങളും അനുഭവിച്ച് പെൻഷൻ പറ്റിപിരിഞ്ഞ് പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ക്രൂട്ടിനി കമ്മിറ്റി തിരുമാനത്തിനെതിരെ കോടതിയിൽ നിന്നും സ്റ്റേ വാങ്ങിക്കുന്നതിന് മുൻപ് എസ്.സി സെക്രട്ടറിയെ ഹിയർ ചെയ്യണമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുമോ എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ – വികസനത്തിനുള്ള കേന്ദ്രീകൃത ഫണ്ട്</u>

2831 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 50% ൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ അടിസ്ഥാനസൗകര്യവികസനത്തിന് (റോഡ്, കുടിവെള്ളം, വൈദ്യുതി) കേന്ദ്രീകൃത ഫണ്ടിൽ നിന്നും പ്രത്യേക തുകകൾ അനുവദിച്ചു നൽകിയിരുന്നോ; പ്രസ്തുത പദ്ധതികൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി) പട്ടികജാതി കോളനികളിൽ റോഡ് വികസനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) എത്ര പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളെയാണ് പട്ടികജാതി കോളനികളായി പരിഗണിക്കുന്നത്; കുടുംബങ്ങളുടെ എണ്ണം കുറവാണ് എന്നു കാണിച്ച് എസ്.സി.ഡി.ഒ മാർ ഫീസിബിലിറ്റി നൽകാൻ മടിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നടപ്പാക്കിയ 'ക്യൂ-ലേണർ' പദ്ധതി</u>

2832 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നടപ്പാക്കിയ 'ക്യൂ-ലേണർ' പദ്ധതിയെക്കുറിച്ച് വകുപ്പോ സർക്കാരോ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ലക്ഷ്യം നേടുന്നതായി കരുതുന്നുണ്ടോ;

(ബി) എത്ര ഹോസ്റ്റലുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; എത്ര തുകയാണ് ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത് ; എന്നുമുതലാണ് ഈ പദ്ധതി ആരംഭിച്ചത്;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; ഇവർ നേരിട്ടാണോ, ഉപകരാർ മുഖാന്തിരം സ്വകാര്യ സ്ഥാപനങ്ങൾ വഴിയാണോ നടപ്പാക്കുന്നത്;

(ഡി) ഈ പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് കണ്ടെത്തൽ;

(ഇ) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വകുപ്പ് പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയായിരുന്നു കണ്ടെത്തൽ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പരിശോധനകൾ നടത്താതിരുന്നത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ സംരംഭങ്ങൾ</u>

2833 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ സംരംഭങ്ങൾ ഒരുക്കുന്നതിൽ അഭൂതപൂർവ്വമായ പുരോഗതിയാണ് കൈവരിച്ചതെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷൻ വഴി 2006-07 മുതൽ 2010-11 വരെ ഓരോ വർഷവും ഇതിനായി ചെലവഴിച്ച തുക എത്രവീതമെന്ന് പ്രത്യേകം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ സ്വയംസംരംഭക വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം</u>

2834

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംസംരംഭകരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ ബഡ്ജറ്റിലെ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നതെന്നും അതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ബെനിഫിഷറി ഓറിയന്റഡ് പദ്ധതി</u>

2835 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ബെനിഫിഷറി ഓറിയന്റഡ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി എന്നത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വകുപ്പു വഴിയുള്ള ചികിത്സാ ധനസഹായം</u>

2836 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വകുപ്പു വഴിയുള്ള ചികിത്സാ ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ അവസാന രണ്ടു വർഷം പ്രസ്തുത ധനസഹായത്തിനായി എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വ്യാജ ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച റിപ്പോർട്ടുകൾ സ്ക്രൂട്ടനി കമ്മിറ്റി പരിഗണിക്കുന്നതിലെ കാലതാമസം</u>

2837 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച എത്ര റിപ്പോർട്ടുകൾ കിർത്താഡ്സിന്റെ സ്ക്രൂട്ടിനി കമ്മിറ്റി പരിഗണിക്കാനുണ്ട്;

(ബി) റിപ്പോർട്ടുകൾ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിലെ കാലതാമസം യഥാർത്ഥ അവകാശികൾക്ക് കിട്ടേണ്ട ആനുകൂല്യം ലഭ്യമാക്കാതെ പോകുന്നു എന്ന കാര്യം പരിഗണിച്ച് സമയബന്ധിതമായി അന്തിമ തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>പട്ടികജാതി വികസന ഫണ്ട് ദുർവിനിയോഗം</u>

2838 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനഫണ്ട് വ്യാപകമായി ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു അനുവദിക്കുന്നതിന് നടപടി</u>

2839 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടും പ്ലസ് ടു കോഴ്സ് അനുവദിക്കാത്തതിന്റെ കാരണം അറിയാമോ ;

(ബി) ഈ അദ്ധ്യയന വർഷം പ്ലസ് ടു കോഴ്സ് അനുവദിക്കാൻ വകുപ്പിന്റെ ഇടപെടൽ ഉണ്ടാകുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മോഡല്‍ റെസിഡന്‍ഷ്യല്‍ സ്കൂളുകളിലും പ്രീ മെട്രിക് ഹോസ്റ്റലുകളിലും തസ്തികകള്‍ സൃഷ്ടിക്കുന്നതിന് നടപടി

2840 ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മോഡല്‍ റെസിഡന്‍ഷ്യല്‍ സ്കൂളുകളിലും പ്രീ-മെട്രിക് ഹോസ്റ്റലുകളിലും ആവശ്യമായ തസ്തികകള്‍ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പീരുമേട് മോഡല്‍ റെസിഡന്‍ഷ്യല്‍ സ്കൂളില്‍ അനുവദിച്ചിട്ടുള്ള തസ്തിക ഏതെല്ലാം; നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്ര?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>'സ്വയം പര്യാപ്ത കോളനി പദ്ധതി'</u>

2841 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്വയംപര്യാപ്ത കോളനി പദ്ധതി'യിലേയ്ക്ക് കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും ഏത് കോളനിയാണ് പരിഗണിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത കോളനിയുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിന് പദ്ധതി</u>

2842 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിന് ഒരു കോടിരൂപ വീതം നൽകുന്ന പദ്ധതിയിൽ എത്ര കോളനികളെയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ എത്രയെണ്ണം വീതമാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത കോളനികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) കോളനികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വിജ്ഞാൻവാടി പദ്ധതി</u>

2843 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻവാടി പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വിജ്ഞാൻവാടികൾ പ്രവർത്തനമാരംഭിച്ചു എന്നത് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് അവ പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ നവീകരണം</u>

2844 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളുടെ ഒരു കോടി രൂപ ചെലവഴിച്ചുള്ള നവീകരണ പദ്ധതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിലെ പ്ലാക്കാട് പട്ടികജാതി കോളനി വികസനത്തിന് പ്രസ്തുത പദ്ധതി പ്രകാരം തയ്യാറാക്കി നൽകിയ നവീകരണ പ്രോജക്ടിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്നത്തേയ്ക്കു പൂർത്തിയാകുമെന്നും നിർവ്വഹണ ഏജൻസിക്ക് നിർമ്മാണം തുടങ്ങാനുള്ള അനുവാദം എന്ന് നൽകുമെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ നിന്നും കോളനിയെ ഒഴിവാക്കിയ നടപടി

2845 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി കിലയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട 2 കോളനികളേക്കാൾ ഭൗതികപരമായി പിന്നോക്കം നിൽക്കുന്ന കോളനിയുടെ പേര് നിർദ്ദേശിച്ചിട്ടും ഇതു സംബന്ധിച്ച് പട്ടികജാതി വകുപ്പ് ജില്ലാ ഓഫീസറുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടും കിലയുടെ റിപ്പോർട്ടിലെ വസ്തുതാപരമായ തെറ്റുകളെക്കുറിച്ച് അന്വേഷണം നടത്താതെ അങ്കമാലി നിയോജക മണ്ഡലത്തിലെ കോളനിയെ ഒന്നാംഘട്ടത്തിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം എപ്പോഴാണ് ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഒ. ബി. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി

2846 ശ്രീ. എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം സ്റ്റാൻഡേർഡ് വരെയുള്ള ഒ. ബി. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

വെളുത്തേടത്ത് നായർ സമുദായത്തിനുള്ള സംവരണം

T2847 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വെളുത്തേടത്ത് നായർ സമുദായത്തെ ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്ന മറ്റു സമുദായങ്ങൾ ഏതൊക്കെ; ഇവർക്ക് നിലവിൽ ജോലി സംവരണമോ; വിദ്യാഭ്യാസ ആനുകല്യമോ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) നിലവിലുള്ള സംവരണം പുന:ക്രമീകരിച്ച് വെളുത്തേടത്ത് നായർ സമുദായത്തെ മോസ്റ്റ് ബാക്ക് വേഡായി അംഗീകരിക്കാനും ഇവരെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ - ഉദ്യോഗസംവരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

സുരക്ഷിത വിനോദസഞ്ചാരം

2848 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, പി.ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരമേഖലയിൽ ഉൾനാടൻ ജലാശയങ്ങളിലെ സുരക്ഷിതത്വത്തിനും ആകർഷണീയതയ്ക്കും ഭീഷണിയുയർത്തുന്ന ബോട്ടപകടങ്ങൾ നിയന്ത്രിക്കുന്നതിൽ വിനോദസഞ്ചാര വകുപ്പ് വഹിക്കുന്ന പങ്ക് വിശദമാക്കുമോ;

(ബി) ജലാശയ വിസ്തൃതിക്കനുഗുണമല്ലാത്ത വിധം വിനോദസഞ്ചാരയാനങ്ങളുടെ എണ്ണത്തിലെ വർദ്ധന, ഉടമകൾ തമ്മിലുള്ള മത്സരങ്ങൾ, സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവ നിയന്ത്രിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 2012 ൽ പ്രസ്തുത മേഖലയിൽ എത്ര അപകട മരണങ്ങൾ ഉണ്ടായിട്ടുണ്ട്; അപകടമരണങ്ങൾ കുറയ്ക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പ്രത്യേക പാക്കേജ്</u>

2849 ശ്രീ. ഷാഫി പറമ്പിൽ
,, പി.എ.മാധവൻ
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വിദേശ സ്വദേശ ടൂറിസ്റ്റുകൾക്കായി പ്രത്യേക പാക്കേജ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഈ പാക്കേജിൽ ബന്ധപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പാക്കേജിൽ ഗൈഡുകളുടെ സഹായം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് വനമേഖലകളെ കേന്ദ്രീകരിച്ച്
നേച്ചര്‍ ഗൈഡ് ട്രെയിനിംഗ്</u>

2850 ശ്രീ. ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍
,, വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസ്റ്റ് വനപ്രദേശങ്ങളെ കേന്ദ്രീകരിച്ച് നേച്ചര്‍ ഗൈഡ് ട്രെയിനിംഗ് നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ട്രെയിനിംഗിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത പരിപാടിക്ക് കേന്ദ്ര ഗവണ്‍മെന്റിന്റെ എന്തെല്ലാം ധനസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം</u>

2851 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം പദ്ധതി വിഹിതമായി എത്ര തുക നീക്കിവെച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി വിഹിതത്തിൽ നിന്നും നാളിതുവരെ എത്ര തുകയാണ് ചിലവഴിച്ചത്; ഏതെല്ലാം പ്രവൃത്തിയ്ക്കാണ് ചിലവഴിച്ചതെന്ന് പ്രത്യേകം ലഭ്യമാക്കുമോ;

(സി) നീക്കിവെച്ച തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്നും എത്ര തുകയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ടൂറിസം മേഖലയിൽ വൺടൈം എ.സി.എ പദ്ധതി

2852 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പുതിയ ഉത്പന്നങ്ങളുടെ വികസനത്തിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി വൺ ടൈം എ.സി.എ യ്ക്ക് എത്ര തുകയാണ് പദ്ധതി വിഹിതമായി നീക്കിവെച്ചത്;

(ബി) പദ്ധതി വിഹിതത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചിലവഴിച്ചുവെന്ന് പ്രത്യേകം ലഭ്യമാക്കുമോ;

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>വിനോദ സഞ്ചാരമേഖലയിലെ മുരടിപ്പ്</u>

2853 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദ സഞ്ചാരമേഖലയിലെ മുരടിപ്പ് ഗൗരവമായി കാണുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വികസനത്തിനായി നൂതനപരിപാടികൾ ആസൂ ത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയാതിരുന്നതാണ് പ്രസ്തുത മേഖലയിലെ മുരടിപ്പിന് കാരണമായതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) കഴിഞ്ഞ രണ്ടു സീസണുകളിലും തിരിച്ചടിയേറ്റ സാഹചര്യത്തിൽ കാലാനുസൃതമായ പദ്ധതികൾ നടപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരളത്തിന് പുറത്തുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ</u>

2854 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് കേരളത്തിന് പുറത്ത് എവിടെയെല്ലാം ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകൾ മുഖേന കേരളത്തിൽ എത്തിയിട്ടുള്ള വിനോദ സഞ്ചാരികളുടെ എണ്ണം ഇൻഫർമേഷൻ സെന്റർ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ വകുപ്പുവഴി നേരിട്ട് കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രത്തിൽ എത്തിക്കാതെ സ്വകാര്യ ടൂർ ഏജൻസി വഴി ടൂർ പാക്കേജ് ചാർട്ട് ചെയ്യുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ സ്വകാര്യ ടൂർ ഏജൻസികൾ പ്രവർത്തിക്കുന്നതായ പരാതിയിന്മേൽ ഏതെങ്കിലും ഉദ്യോഗസ്ഥർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന് നീക്കിവച്ച പദ്ധതി വിഹിതം</u>

2855 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന് പദ്ധതി വിഹിതമായി എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ ഏതെല്ലാം പ്രവർത്തികൾക്കായി എത്ര തുകവീതം ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>നെന്മാറയിലെ ടൂറിസം പദ്ധതികൾ</u>

2856 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിലെ നെന്മാറ മണ്ഡലത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും ടൂറിസം സാധ്യതകളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(സി) നെന്മാറ മണ്ഡലത്തിലെ മലനിരകളെയും ഡാമുകളെയും കേന്ദ്രീകരിച്ചുള്ള ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>നബാര്‍ഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം റോഡ് വികസനം</u>

T2857

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നബാര്‍ഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം റോഡ് വികസന പ്രവൃത്തിക്കായുള്ള പദ്ധതി വിഹിതം എത്ര തുകയായിരുന്നു;

(ബി) അതില്‍ നിന്നും ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

വിനോദസഞ്ചാര വകുപ്പിൻകീഴിൽ റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസ്

2858 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവകുപ്പിൻകീഴിൽ തിരുവനന്തപുരം റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; പ്രസ്തുത ഓഫീസിന്റെ ഘടന വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>

2859 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നടപ്പു സാമ്പത്തിക വർഷം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പദ്ധതിവിഹിതം എത്ര തുകയാണെന്നും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുകവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

വിനോദസഞ്ചാരവകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം

2860 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമാക്കാൻ നിയമസഭാ സമിതികളോ സർക്കാർ ഏജൻസികളോ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ശുപാർശയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി</u>

2861 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

ധര്‍മ്മശാല-പറശ്ശിനിക്കടവ് റോഡ് സുഹൃദ് വീഥി പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി

2862 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മശാല-പറശ്ശിനിക്കടവ് റോഡ് 'സുഹൃദ് വീഥി പദ്ധതി'യില്‍ ഉള്‍പ്പെടുത്തുന്നതിനായി സമര്‍പ്പിക്കപ്പെട്ട പ്രൊപ്പോസലില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ;

(ബി) പറശ്ശിനിക്കടവ് മുത്തപ്പന്‍ ക്ഷേത്രത്തിലേക്കുള്ള പ്രസ്തുത റോഡ് അടിയന്തിരമായി പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പൂക്കോട് തടാകത്തിന്റെ ടൂറിസം വികസനത്തിന് നടപടി

2863 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൂക്കോട് തടാകത്തിന്റെ ടൂറിസം വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പൂക്കോട് തടാകത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വൈത്തിരി പഞ്ചായത്ത് സമർപ്പിച്ച പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മലബാർ ടൂറിസം സർക്യൂട്ട്

2864 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ അഴിമുഖം, ബീച്ച് കായൽ, ചമ്രവട്ടംപാലം, കർമ്മറോഡ് നിളയോരം എന്നിവ മലബാർ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) പൊന്നാനിയിലെ പൗരാണിക കോടതി സമുച്ചയം അടക്കമുളള ചരിത്ര സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും ചരിത്ര മ്യൂസിയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ധർമ്മടം നിയോജകമണ്ഡലത്തിൽ പുതുതായി അനുവദിച്ച ടൂറിസം പദ്ധതികൾ

2865 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ടൂറിസം മേഖലയിൽ പുതുതായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് മഞ്ചേശ്വരം മണ്ഡലങ്ങളിലെ</u>
<u>പുതിയ ടൂറിസം പദ്ധതികൾ</u>

2866 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിൽ ഏതെങ്കിലും പുതിയ ടൂറിസ്റ്റ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നസമയത്ത് ഏതെങ്കിലും ടൂറിസം പദ്ധതികൾ പൂർത്തീകരിച്ചുവരികയായിരുന്നോ; എങ്കിൽ അവയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) കേരളത്തിലെ ഏറ്റവും പിന്നോക്ക ജില്ലകളിലൊന്നായ കാസർഗോഡ് ജില്ലയിലെ ടൂറിസം സാധ്യതകൾ കണ്ടെത്തുന്നതിന് ഏതെങ്കിലും സമിതികളെ നിയോഗിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതേക്കുറിച്ചാലോചിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അയ്യമ്പുഴ പഞ്ചായത്തിലെ പ്രകൃതി ഗ്രാമത്തിന്റെ വികസനം</u>

2867 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക ജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പ്രകൃതി ഗ്രാമത്തിന്റെ വികസനത്തിനായി സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അതിരപ്പിള്ളിയോട് ചേർന്നു കിടക്കുന്ന 2 പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും തുമ്പൂർമുഴിയെയും ബന്ധിപ്പിക്കുന്ന റോപ്‌വേയുടെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം നിള ടൂറിസം പദ്ധതി</u>

2868 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിള ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി പാലക്കാട് ഡി.റ്റി.പി.സി എത്ര തുകയുടെ പ്രോജക്ട് ആണ് ടൂറിസം വകുപ്പിന് സമർപ്പിച്ചിരുന്നത് ;

(ബി) പ്രസ്തുത പ്രോജക്ടിൽ എന്തെല്ലാം ടൂറിസം പദ്ധതികൾ ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) നിള ടൂറിസം പാക്കേജിന്റെ കാലിക സ്ഥിതി വിശദമാക്കുമോ ;

(ഡി) പാലക്കാട് ഡി.റ്റി.പി.സി പ്രസ്തുത പ്രോജക്ട് എന്നാണ് ടൂറിസം വകുപ്പിന് സമർപ്പിച്ചത് ; നാളിതുവരെ പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തുനടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രോജക്ട് പ്രൊപ്പോസൽ എന്ന് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി പ്രദേശത്ത് ടൂറിസം പദ്ധതി</u>

2869 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വികസനത്തിനായി കുറ്റ്യാടി ജലസേചന പദ്ധതി പ്രദേശത്ത് ബോട്ടുജെട്ടി നിർമ്മാണം ഉൾപ്പെടെയുള്ള ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഏത് വകുപ്പിനാണ് നൽകിയിട്ടുള്ളത്;

(സി) പ്രവൃത്തിയുടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഇവർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഇ) ബന്ധപ്പെട്ട ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) പ്രസ്തുത ഏജൻസിക്ക് പണം അനുവദിച്ചത് ഏത് വകുപ്പാണ് ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ബേക്കൽ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് നടപടി

2870 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നിർമ്മിച്ച ബേക്കൽ പാർക്ക് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത പാർക്കിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്നും എന്നാണ് പണി നിർത്തിവെച്ചതെന്നും വിശദീകരിക്കാമോ;

(സി) പണി നർത്തിവെച്ചതു മുതൽ സിആർഇസഡ് ന്റെ അനുമതിക്കായുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ടൂറിസം വകുപ്പിന് വരുമാനം ലഭ്യമാക്കുന്ന പ്രസ്തുത പാർക്ക് തടസ്സങ്ങൾ പരിഹരിച്ച് എക്കേക്ക് തുറന്ന് പ്രവർത്തിക്കും എന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി ടൂറിസം പാക്കേജ്</u>

2871 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അതിരപ്പിള്ളി ടൂറിസം മേഖലയെ ഉള്‍പ്പെടുത്തി ഒരു സമഗ്ര ടൂറിസം പാക്കേജ് പ്രഖ്യാപിക്കുവാന്‍ തയ്യാറാകുമോ;

(ബി) അതിരപ്പിള്ളിയില്‍ ഡൈനാമിക് ലൈറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ധര്‍മ്മടം നിയോജക മണ്ഡലത്തില്‍ ടൂറിസം മേഖലയില്‍ നടന്നു വരുന്ന നിര്‍മ്മാണ പ്രവൃത്തികള്‍

2872 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജക മണ്ഡലത്തില്‍ ടൂറിസം മേഖലയില്‍ ഏതെല്ലാം നിര്‍മ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് പ്രത്യേകം വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ടെണ്ടര്‍ ചെയ്ത തുകയും പ്രവര്‍ത്തന പുരോഗതിയും പ്രത്യേകം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>മലപ്പുറം ജില്ലയിലെ ടൂറിസം വികസന പദ്ധതി</u>

2873 ശ്രീ. പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ടൂറിസം വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം പദ്ധതികൾ ആരംഭിച്ചു;

(ബി) മുൻകാല പദ്ധതികളേതെങ്കിലും പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഈ ജില്ലയിൽ പുതുതായി ഏതെങ്കിലും ടൂറിസ്റ്റ് സ്പോട്ട് വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മീൻവല്ലം ടൂറിസം പദ്ധതിക്ക് മാസ്റ്റർ പ്ലാൻ

2874 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക ജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മീൻവല്ലം ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 2013 ഫെബ്രുവരിയിലെ സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ ഇതിന് അംഗീകാരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണോദ്ഘാടനം എന്ന് നടത്തുവാൻ കഴിയുമെന്നുള്ള വിവരം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 5.

“T” ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.